പാർക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ജെൻഡർ പാർക്ക് പദ്ധതി ഇത്തരത്തിലുള്ള ഇൻഡ്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്. തുടക്കത്തിൽ കോഴിക്കോട് വെള്ളിമാട് കുന്നിൽ സാമൂഹ്യനീതി വകുപ്പിന്റെ 24 ഏക്കർ സ്ഥലത്താണ് ആദ്യത്തെ ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. സാമൂഹ്യനീതിവകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യുന്ന ലാഭേച്ഛയില്ലാത്ത പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയായിട്ടാണ് ജെൻഡർ പാർക്ക് നിലവിൽ വരുന്നത്. വനിതകളുടെ സാമ്പത്തിക സാമൂഹ്യ പുരോഗതിക്കായിട്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ഏകോപിപ്പിക്കുകയുമാണ് ജെൻഡർ പാർക്ക് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ജെൻഡർ പാർക്കിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ഇതു കൂടാതെ ജെൻഡർ പാർക്കിന്റെ ഓഫ് ക്യാമ്പസ് പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഷീ-ടാക്സി പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

അംഗപരിമിത വിഭാഗത്തിലുള്ളവരുടെ പ്രൊമോഷൻ

265 (4309) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(അ) അംഗപരിമിത വിഭാഗത്തിന് സർക്കാർ സർവ്വീസിൽ നിയമനത്തിനു മാത്രമല്ല പ്രൊമോഷനും സംവരണമേർപ്പെടുത്തണമെന്ന സുപ്രീംകോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സർക്കാർ പ്രസ്തുത കോടതിവിധി പരിശോധിച്ചിട്ടുണ്ടോ ; വിശദീകരിക്കാമോ ;

(സി) സംസ്ഥാന സർവ്വീസിലുള്ള അംഗപരിമിത വിഭാഗത്തിന് പ്രൊമോഷൻ തസ്തികകളിൽ സംവരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സർക്കാർ സർവ്വീസിലെ വികലാംഗരായ ഉദ്യോഗസ്ഥർക്ക് സ്ഥാന കയറ്റത്തിനായി 3% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച ബഹു:സുപ്രീംകോടതിയുടെ വിധി നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly